## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ജൂനിയർ സൂപ്രണ്ട് -സ്ഥലംമാറ്റം/പുനർ നിയമനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഉത്തരവ് നം. ഇ.ഡി.1-09/2017/ആ.വ.ഡ., തീയതി 19/09/2017.

**ഉത്തരവ് നമ്പർ ഇ.ഡി1-09/2017/ആ.വ.ഡ,തീയതി 03/10/2017**

തിരുവനന്തപുരം ജില്ലയിലെ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. റെജി വി. എസ്. നെ തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഹെഡ് ക്ലാർക്കായ ശ്രീ. ശ്രീകുമാർ ആർ. നെ പരാമർശം (1) ഉത്തരവ് പ്രകാരം ഹെഡ്ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമിച്ചിരുന്നു. എന്നാൽ ടിയാളെ ഈ കാര്യാലയത്തിൽ സർവ്വീസിൽ പ്രവേശിപ്പിക്കാതെ തിരുവനന്തപുരം ജില്ലയിലെ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിൽ പുനർ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീ. ശ്രീകുമാർ ആർ. 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിക്കുന്ന തീയതിയും ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-03/10/2017

200152-

GOVERNMENT OF KERALA